(എ) നാളിതുവരെ കേരള സർക്കാർ ജില്ലാ സഹകരണ ബാങ്കുകളിൽ നിന്നും എത്ര കോടി രൂപ വായ്പ എടുത്തുവെന്നും പലിശ നിരക്ക് എന്താണെന്നും വ്യക്തമാക്കാമോ ;

(ബി) ഏതെങ്കിലും ബാങ്കുകൾക്ക് പലിശ കൊടുത്തിട്ടുണ്ടോ ; എങ്കിൽ അവയുടെ കണക്കുകൾ വെളിപ്പെടുത്തുമോ ;

(സി) തൃശ്ശൂർ ജില്ലാ സഹകരണ ബാങ്കിൽ നിന്നും സർക്കാർ വായ്പ എടുത്ത 104 കോടി രൂപയ്ക്ക് ഏതെല്ലാം അവസരങ്ങളിൽ പലിശ ഇനത്തിൽ എത്ര തുക വീതം കൊടുത്തു എന്ന് വെളിപ്പെടുത്തുമോ ;

(ഡി) വായ്പയെടുത്തപ്പോൾ ഓരോ മൂന്ന് മാസം കൂടുമ്പോൾ പലിശ അടയ്ക്കാം എന്ന് സർക്കാർ വ്യവസ്ഥ ചെയ്തിരുന്നത് സർക്കാർ പാലിച്ചിട്ടുണ്ടോ ; ഇപ്പോൾ കൊടുത്തു തീർക്കുവാനുള്ള പലിശ കുടിശ്ശിക 53 കോടി രൂപയായി എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) സർക്കാരിൽ നിന്ന് കിട്ടാത്ത പലിശ സംസ്ഥാന സഹകരണ ബാങ്ക് അതാത് ജില്ലാ സഹകരണ ബാങ്കുകളുടെ അക്കൗണ്ടുകളിൽ നിന്നും ബലമായി ഈടാക്കിയതിനാൽ പ്രസ്തുത ജില്ലാ ബാങ്കുകളുടെ പ്രവർത്തനം പ്രതിസന്ധിയിലാണെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദാംശം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ജില്ലാ സഹകരണ ബാങ്കുകളിൽ നിന്നും വായ്പ എടുത്തിട്ടില്ല.

(ബി) മുൻ ഉത്തരത്തിന്റെ വെളിച്ചത്തിൽ മറുപടി ഉദിക്കുന്നില്ല.

(സി) തൃശ്ശൂർ ജില്ലാ സഹകരണ ബാങ്കിൽ നിന്നും സർക്കാർ വായ്പ എടുത്തിട്ടില്ല.

(ഡി) മുൻ ഉത്തരത്തിന്റെ വെളിച്ചത്തിൽ മറുപടി ഉദിക്കുന്നില്ല.

(ഇ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

ടൈപ്പിസ്റ്റുമാരുടെ ശമ്പളം നിജപ്പെടുത്തുന്നതു സംബന്ധിച്ച്

8 (1278) ശ്രീ. എ. കെ. മണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം 6-2-1996-ലെ ജി. ഒ. (എം.എഫ്) 60/96/ഫിൻ. എന്ന സർക്കാർ ഉത്തരവനുസരിച്ചുള്ള ആനുകൂല്യങ്ങൾ 1-3-1992 മുതൽ പ്രാബല്യം നൽകി ഏതെല്ലാം വകുപ്പുകളിലെ ജീവനക്കാർക്ക് കൊടുക്കുവാനാണ് സർക്കാർ ഉത്തരവായിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(ബി) ഈ സർക്കാർ ഉത്തരവുകളുടെ നമ്പരും, തീയതിയും വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) മേൽപ്പറഞ്ഞ സർക്കാർ ഉത്തരവിന്റെ പ്രാബല്യം 1-3-1992 മുതൽ ലോക്കൽ ഫണ്ട് ആഡിഡ് വകുപ്പിൽ അനുവദിക്കണമെന്ന് ഏതെങ്കിലും സർവ്വീസ് സംഘടനകൾ വകുപ്പ് ഡയറക്ടർ മുഖേനയോ, നേരിട്ടോ സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ ;

(ഡി) എങ്കിൽ ഏതെല്ലാം സർവ്വീസ് സംഘടനകൾ എന്ന് വ്യക്തമാക്കാമോ ;

(ഇ) പ്രസ്തുത സർക്കാർ ഉത്തരവ് മുഖേന ഉള്ള ശമ്പള പരിഷ്ക്കരണത്തിൽ ടൈപ്പിസ്റ്റുമാരുടെ ശമ്പളം ഏതു വിധമാണ് നിജപ്പെടുത്തേണ്ടതെന്ന് കാണിച്ചു കൊണ്ട് 25-4-2000-ൽ 3/2000 എന്ന നമ്പരിൽ ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടർ സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ടോ ;

(എഫ്) എങ്കിൽ ഈ സർക്കുലർ പ്രകാരം ടൈപ്പിസ്റ്റുമാരുടെ ശമ്പളം നിജപ്പെടുത്തുമ്പോൾ തുടർന്നുള്ള വർഷത്തിൽ ടൈപ്പിസ്റ്റുമാരുടെ ഒരു ഇൻക്രിമെന്റ് നഷ്ടമാകും എന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ജി) ഈ നഷ്ടം ഉണ്ടാകാതിരിക്കുവാൻ 6-1-1996-ലെ ജി.ഒ (എം.എസ്) 60/96/ഫിൻ. സർക്കാർ ഉത്തവിന് ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പിലെ ടൈപ്പിസ്റ്റുമാർക്കും കൂടി 1-3-1992 മുതൽ പ്രാബല്യം നൽകുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 6-2-1996-ലെ ജി.ഒ.(എം.എസ്) 60/96/ഫിൻ എന്ന ഉത്തരവനുസരിച്ചുള്ള ആനുകൂല്യങ്ങൾ 1-3-1992 മുതൽ പ്രാബല്യം നൽകി. പബ്ലിക് സർവ്വീസ് കമ്മിഷൻ, ഹൈക്കോടതി, അഡ്വക്കേറ്റ് ജനറൽ എന്നീ ആഫീസുകളിലെ ജീവനക്കാർക്ക് കൊടുക്കുവാൻ ഉത്തരവ് ആയിട്ടുണ്ട്.

(ബി) 7-7-97-ലെ ജി.ഒ.(എം.എസ്)629/97/ഫിൻ. പ്രകാരം കേരളാ പബ്ലിക് സർവ്വീസ് കമ്മിഷനിലും 17-3-1998-ലെ ജി.ഒ(എം.എസ്) 996/98/ഫിൻ. പ്രകാരം ഹൈക്കോടതിയിലും 14-6-2000-ലെ ജി.ഒ.(എം.എസ്) 958/2000/ഫിൻ. പ്രകാരം അഡ്വക്കേറ്റ് ജനറലാഫീസിലും 1-3-92 മുതൽ പ്രാബല്യം നൽകി മേൽപ്പറഞ്ഞ ആനുകൂല്യങ്ങൾ അനുവദിച്ചു.

(സി) ഉണ്ട്.

(ഡി) ലോക്കൽ ഫണ്ട് ആഡിറ്റ് ടൈപ്പിസ്റ്റുമാർക്ക് സി.എ. അസോസിയേഷൻ എന്ന സംഘടനയാണ് പ്രസ്തുത ആവശ്യം ഉന്നയിച്ചത്.

(ഇ) ഉണ്ട്.

(എഫ്) നിലവിലുള്ള ചട്ടങ്ങൾക്കനുസൃതമായി ശമ്പളം നിജപ്പെടുത്തണം എന്നാണ് പ്രസ്തുത സർക്കുലറിന്റെ സാരം. ഇതുമൂലം അർഹതയുള്ള ഇൻക്രിമെന്റ് നഷ്ടമാകുന്നില്ല.

(ജി) സർക്കാർ ഇക്കാര്യം പരിശോധിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly